കൊട്ടിപ്പാലക്കടവിൽ ഒരു ബ്രിഡ്ജ്

1314 [2099] ശ്രീ. പി. കെ. ചാത്തൻമാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുളിമാത്തു പഞ്ചായത്തിൽ കൊട്ടിപ്പാലക്കടവിൽ ഒരു ബ്രിഡ്ജ് പണിയുന്നകാര്യം ഫയൽ 7788/സി4/77/ പി.ഡബ്ലിയു. ഡോറാഡ് 6.9.1978 പ്രകാരം നടപടിയിലിരുന്നത് ഇപ്പോൾ ഏതുഘട്ടത്തിലായിരിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഈ പാലം നിർമ്മിക്കേണ്ടത് ഒരു പഞ്ചായത്ത് റോഡിലാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകളിൽ പാലം പണിയുന്ന പദ്ധതിയനുസരിച്ച് ഈ പാലം പണിയുകയാണെങ്കിൽ ചെലവിന്റെ നിശ്ചിത വിഹിതം നൽകാമെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ഈ തുക അടച്ചു കഴിഞ്ഞ് ജോലി ഏറ്റെടുക്കുവാൻ ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മരംകൊള്ള നടക്കുന്നുവെന്ന പത്രറിപ്പോർട്ടുകൾ

1315 [2102] ശ്രീ. പി. ശങ്കർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് താലൂക്കിൽ പയ്യനിടം, നെയ്യുള്ളിപ്പുറം, കുമരംപുത്തൂർ എന്നീ സ്ഥലങ്ങളിൽനിന്ന്, വനം ഉദ്യോഗസ്ഥൻമാരുടെ ഒത്താശയോടെ മരം കൊള്ള നടക്കുന്നുവെന്ന പത്രറിപ്പോർട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഉടനെ അന്വേഷിച്ചു നടപടി എടുക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കെൽട്രോൺ സ്ഥാപനങ്ങൾ

1316 [2105] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോൺ ആരംഭിച്ചിട്ട് എത്ര കാലമായി? ഏതെല്ലാം ജില്ലയിൽ കെൽട്രോൺ സ്ഥാപനങ്ങൾ ഉണ്ട്? അവ ഏതെല്ലാം;

(ബി) എത്ര തൊഴിലാളികൾ കെൽട്രോണിൽ ജീവനക്കാരായുണ്ട്;

(സി) കെൽട്രോണിന് എത്ര തുക മുടക്കുമുതലുണ്ട്; ഇതിനകം ആ സ്ഥാപനം എന്താദായം നേടി?

ഉത്തരം

(എ) അഞ്ചുവർഷവും 10 മാസവും കഴിഞ്ഞു. (ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്)‡

(ബി) 1069 പേർ.

‡ അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

(സി) 469.86 ലക്ഷം രൂപ മുടക്കുമുതലുണ്ട്. 1978 മാർച്ച് മാസം വരെ 5,66,870 രൂപ ആകെ ആദായമുണ്ടാക്കിയിട്ടുണ്ട്.

കെൽട്രോണിലെ ഓപ്പറേറർ ട്രെയിനികൾ

1317 [2110] ശ്രീ. വട്ടിയൂർക്കാവ് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരകുളത്തു പ്രവർത്തിക്കുന്ന കെൽട്രോണിൽ ഇപ്പോൾ ഓപ്പറേറർ ട്രെയിനികളായി എത്ര പേർ ജോലി നോക്കുന്നുണ്ട്;

(ബി) അവർക്ക് ഇപ്പോൾ നൽകി വരുന്ന പ്രതിമാസ സ്റ്റൈപ്പൻറ് എത്ര രൂപയാണ്;

(സി) അതേ സ്ഥാപനത്തിൽ തന്നെ എഞ്ചിനീയറിംഗ് ട്രെയിനികളായി ജോലി ചെയ്യുന്നവർക്ക് ഇപ്പോൾ നൽകി വരുന്ന പ്രതിമാസ സ്റ്റൈപ്പൻറ് എത്ര രൂപയാണ്;

(ഡി) എഞ്ചിനീയറിംഗ് ട്രെയിനികളോടു താരതമ്യപ്പെടുത്തുമ്പോൾ ഓപ്പറേറർ ട്രെയിനികൾക്ക് ഇപ്പോൾ നൽകുന്ന സ്റ്റൈപ്പൻറ് തുലോം കുറവാണെന്ന് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഓപ്പറേറർ ട്രെയിനികളുടെ സ്റ്റൈപ്പൻറ് ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 47 പേർ

(ബി) എസ്.എസ്.എൽ.സി. ഓപ്പറേറർ ട്രെയിനികൾക്ക് 100 രൂപയും, ഐ.ടി.ഐ. ട്രെയിനികൾക്ക് 150 രൂപയുമാണ് പ്രതിമാസം സ്റ്റൈപ്പൻറ് ആയി നൽകി വരുന്നത്.

(സി) 750 രൂപ.

(ഡി) ഇല്ല.

(ഇ) ഉദിക്കുന്നില്ല.

ജിയോനൊവാലാ ബിന്നി കമ്പനി

1318 [2112] ശ്രീ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിയോനൊവാല ബിന്നി കമ്പനി അടച്ചു പൂട്ടിയിരിക്കുന്ന കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനു പരിഹാരം കണ്ടെത്തുവാൻ ഗവൺമെൻറ് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ കമ്പനി കേന്ദ്രഗവൺമെൻറ് ഏറ്റെടുക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുവാൻ കേന്ദ്രഗവൺമെൻറിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

6-4-1979-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1316

[2105] കാണുക

Kerala State Electronics Development Corporation Limited has established the following Units/Companies in the various Districts of Kerala.

1. TRIVANDRUM

(a) *Keltron Equipment Complex, Karakulam.*
For the manufacture of Television Receivers, Calculators, Industrial electronics items and other items.

(b) *Keltron Projects Limited.*
For the manufacture of 16mm Sound Cine Projectors.

(c) *Keltron Entertainment Systems Limited.*
For the manufacture of entertainment electronic items like radios, stereos, etc.

(d) *Keltron Counters Limited.*
For the manufacture of mechanical and electromagnetic counters

In addition to the above, the Electronic Research and Development Centre, the management of which has been entrusted to Kerala State Electronics Development Corportaion Limited by the Government of Kerala, Testing and Development Centre and the Materials Development Centre, are also functioning at Trivandrum.

2. CANNANORE

(a) *Keltron Component Complex Limited.*
For the manufacture of Aluminium Electrolytic Capacitors

(b) *Keltron Crystals Limited.*
For the manufacture of Piezo Electric Quartz Crystals.

(c) *Keltron Magnetics Limited.*
For the manufacture of Colour TV Relay Lines.

(d) *Keltron Resistors Limited.*
For the manufacture of Carbon Film Resistors.

3. MALAPPURAM

Dielectro Magnetics Limited.
For the manufacture of Ceramic Capacitors.

4. TRICHUR

(a) *Keltron Power Devices Limited.*
For the manufacture of Power Transistors.

(b) *Keltron Rectifiers Ltd.*
For the manufacture of Silicon Rectifiers and Diodes.

LIBRARY ARCHIVES Kerala Legislative Assembly

5. PALGHAT

Keltron Varisters Private Limited.

For the manufacture of varisters and thermisters.

6. QUILON

Keltron Ferrites Private Limited

For the manufacture of Industrial Ferrites.

In addition to the above Units/Companies, Kerala State Electronics Development Corporation Limited is setting up a unit for the manufacture of Control Instrumentation Systems required in thermal power stations, process industries, etc.

അനുബന്ധം IV

6.4.1979-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1323 [2122] കാണുക.

ശ്രീ. ശിവദാസിന്റെയും ശ്രീ. ഭാസ്കരൻ നായരുടെയും കൂടുതലായിട്ടുള്ള വിദ്യാഭ്യാസ, സാങ്കേതിക, പ്രവർത്തന യോഗ്യതകൾ താഴെ കൊടുത്തിരിക്കുന്നു.

ശ്രീ. ശിവദാസ്:

1. 1972ൽ ഡെറാഡൂണിലെ ഇൻഡ്യൻ ഫോട്ടോ ഇൻറർപ്രെട്ടേഷൻ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും 'ഫോട്ടോ ഇൻറർപ്രെട്ടേഷൻ ഇൻ ജിയോളജി' എന്ന വിഷയത്തിൽ ഡിപ്ലോമ (ഓണേഴ്സ്).

2. 1976-ൽ ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഇൻജിനീയേഴ്സ് (ഇൻഡ്യ) എന്ന സ്ഥാപനത്തിൽനിന്നും പെർട്ട്/സി.പി.എം. നെറ്റ് വർക്ക് (Pert/CPM Net work) എന്ന വിഷയത്തിൽ സർട്ടിഫിക്കറ്റ്.

3. 1977-ൽ കോസ്റ്റ് അക്കൌണ്ടൻസിന്റെ നാഗ്പ്പൂർ ചാപ്റ്ററിൽ നിന്നും 'സ്റ്റാറ്റിസ്റ്റിക്സ് ഫോർ മാനേജേഴ്സ്' എന്ന വിഷയത്തിൽ സർട്ടിഫിക്കറ്റ്.

4. ധാതു പര്യവേഷണത്തിൽ വിവിധ മേഖലകളിൽ കൂടുതലായ പ്രവർത്തന പരിചയം.

5. ശാസ്ത്ര സംബന്ധിയായ ആറു പ്രബന്ധങ്ങളും പതിനേഴ് പര്യവേഷണ റിപ്പോർട്ടുകളും മറ്റനവധി എക്സ്പ്ലോറേഷൻ പ്രൊപ്പോസലുകളും തയ്യാറാക്കിയിട്ടുണ്ട്.

ശ്രീ. ഭാസ്കരൻ നായർ

1. ധാതു പര്യവേഷണത്തിൽ വിവിധ മേഖലകളിൽ കൂടുതലായ പ്രവർത്തന പരിചയം.

2. ശാസ്ത്ര സംബന്ധമായ നാല് പ്രബന്ധങ്ങളും ഇരുപത്തി മൂന്ന് പര്യവേഷണ റിപ്പോർട്ടുകളും തയ്യാറാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly